# 58/26-M

ചോദ്യ പുസ്തക ക്രമനമ്പർ

**ചോദ്യപുസ്തക അക്ഷരകോഡ്**

# A

A

**ചോദ്യങ്ങളുടെ ആകെ എണ്ണം : 100** | **സമയം : 90 മിനിട്ട്**

**പരമാവധി മാർക്ക് : 100**

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യപുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യപുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യപുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യപുസ്തക ക്രമനമ്പർ പുറം ചട്ടയുടെ വലതുവശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമനമ്പർ ഇല്ലാത്ത ചോദ്യപുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യപുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ. എം. ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

A

1. മഹത്തായ കുതിച്ചുചാട്ടം എന്ന പദ്ധതി ചൈനയിൽ ആരംഭിച്ചത് ആരാണ് ?
   A) സൺയാത്സെൻ  B) ചിയാങ് കൈഷേക്ക്
   C) മാവോ സെതൂങ്  D) ഡെങ്സിയാവോപിംഗ്

2. ബ്രിട്ടീഷുകാർക്കെതിരായി 1857 ൽ ഇന്ത്യയിൽ നടന്ന കലാപവുമായി ബന്ധപ്പെട്ട് റിലീഫ് ഓഫ് ലക്നൗ എന്ന ചിത്രം വരച്ചത് ആരാണ് ?
   A) തോമസ് ജോൺസ് ബാർക്കർ  B) ഹെൻറി ലോറൻസ്
   C) ജോസഫ് നോയൽ പാറ്റൺ  D) കോളിൻ കാംപ്ബെൽ

3. കേരളത്തിൽ ബ്രിട്ടീഷുകാരുടെ പ്രത്യക്ഷഭരണത്തിലുണ്ടായിരുന്ന മേഖല
   A) കൊച്ചി  B) കൊല്ലം
   C) തിരുവിതാംകൂർ  D) മലബാർ

4. ഇന്ത്യാ വിഭജനവുമായി ബന്ധപ്പെട്ട് പാക്കിസ്ഥാൻ പ്രമേയം തയ്യാറാക്കിയത്
   A) മുഹമ്മദലി ജിന്ന  B) സിക്കന്ദർ ഹയാത് ഖാൻ
   C) മുഹമ്മദ് ഇക്ബാൽ  D) റഹ്മത്ത് അലി

5. ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി രൂപം കൊണ്ട വർഷം
   A) 1912  B) 1911  C) 1921  D) 1913

6. ലോകത്തിലെ ഏറ്റവും വലിയ ത്രിവർണ്ണ പതാക എന്ന ഗിന്നസ് റെക്കോഡ് നേടിയ ഇന്ത്യയുടെ ത്രിവർണ്ണ പതാക സ്ഥാപിച്ചത് എവിടെ ?
   A) ഗുജറാത്ത്  B) ലക്ഷദ്വീപ്
   C) ആൻഡമാൻ നിക്കോബർ  D) ഗോവ

7. സ്മാർട്ട് സിറ്റി ദൗത്യത്തിന്റെ ലക്ഷ്യം
   A) ശുചിത്വപൂർണ്ണവും സുസ്ഥിരവുമായ ചുറ്റുപാട്
   B) വിവര സാങ്കേതിക വിദ്യ അനുബന്ധ പ്രവർത്തനങ്ങൾ
   C) അന്താരാഷ്ട്ര കയറ്റുമതി ഇറക്കുമതി പ്രവർത്തന ഏകോപനം
   D) മുകളിൽ പറഞ്ഞവ എല്ലാം

8. ഉത്തരേന്ത്യയിൽ ഖാരിഫ് കാലത്തും ദക്ഷിണേന്ത്യയിൽ റാബി കാലത്തും കൃഷി ചെയ്യുന്ന ഒരു വിളയാണ്
   A) കടുക് വർഗ്ഗങ്ങൾ  B) നിലക്കടല
   C) തുവര  D) പയർ

9. ഭൂമിയുടെ വൻകര ഭൂവൽക്കത്തിന്റെ ശരാശരി സാന്ദ്രത
   A) 2.7 ഗ്രാം/ഘന. സെ. മീ.  B) 3.0 ഗ്രാം/ഘന. സെ. മീ.
   C) 3.4 ഗ്രാം/ഘന. സെ. മീ.  D) 5.0 ഗ്രാം/ഘന. സെ. മീ.

10. ഹിമാലയ പർവ്വത നിരകൾക്കിടയിലെ ഇന്ത്യൻ ഫലകാതിര് ചുവടെ ചേർത്തിട്ടുള്ളവയിൽ ഏത് തരമാണ് ?

A) സമുദ്ര വൻകര സംയോജനം
B) സ്ഥാനാന്തര സീമ
C) വിയോജക സീമ
D) വൻകരാ-വൻകരാ സംയോജനം

11. താഴെ തന്നിരിക്കുന്നതിൽ ഒപ്പെക്ക് (OPEC) അംഗരാജ്യം അല്ലാത്തത്

A) അമേരിക്കൻ ഐക്യ നാടുകൾ
B) നൈജീരിയ
C) അങ്കോള
D) ഇറാൻ

12. അകാൽ, ത്രികാൽ, ജൽകാൽ എന്നീ പദങ്ങൾ ഏത് പ്രകൃതി ദുരന്തവുമായി ബന്ധപ്പെട്ടതാണ് ?

A) വരൾച്ച
B) പ്രളയം
C) ഉരുൾപൊട്ടൽ
D) ഭൗമചലനം

13. 1991-ലെ നവസാമ്പത്തിക പരിഷ്ക്കാരങ്ങൾ രണ്ട് നയങ്ങളായാണ് സമ്പദ്‌വ്യവസ്ഥയിൽ നടപ്പിലാക്കിയത്. താഴെ തന്നിരിക്കുന്നവയിൽ ശരിയായ നയങ്ങൾ കണ്ടെത്തുക.

i. ഘടനാപരമായ പരിഷ്കരണ നടപടികൾ
ii. സ്ഥിരത കൈവരിക്കാനുള്ള നടപടികൾ
iii. തൊഴിൽപരമായ പരിഷ്കരണ നടപടികൾ
iv. ആസൂത്രണ നടപടികൾ

A) i, iii മാത്രം
B) ii, iv മാത്രം
C) i, ii മാത്രം
D) i, ii, iii, iv (മുകളിൽ തന്നതെല്ലാം)

14. ഹരിതവിപ്ലവവുമായി ബന്ധപ്പെട്ട് ശരിയായ വാക്യം കണ്ടെത്തുക.

A) ഒന്നാം ഘട്ടം 1950-കളുടെ മധ്യം മുതൽ 1960-കളുടെ മധ്യം വരെയാണ്.
B) ഒന്നാം ഘട്ടം 1960-കളുടെ മധ്യം മുതൽ 1970-കളുടെ മധ്യം വരെയാണ്.
C) ഒന്നാം ഘട്ടം 1970-കളുടെ മധ്യം മുതൽ 1980-കളുടെ മധ്യം വരെയാണ്.
D) ഒന്നാം ഘട്ടം 1980-കളുടെ മധ്യം മുതൽ 1990-കളുടെ മധ്യം വരെയാണ്.

15. സ്വാതന്ത്ര്യലബ്ധിക്കു ശേഷം പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവും മറ്റു പ്രധാന രാഷ്ട്രീയ നേതാക്കളും ചിന്തകരും ചേർന്ന് ഇന്ത്യയ്ക്ക് അനുയോജ്യമായ സമ്പദ്‌വ്യവസ്ഥ കണ്ടെത്തി. ആ സമ്പദ്‌വ്യവസ്ഥയുടെ ശരിയായ സവിശേഷത ഏത് ?

A) പൊതുമേഖലയ്ക്ക് മാത്രം പ്രാധാന്യമുള്ള സമ്പദ്‌വ്യവസ്ഥ
B) സ്വകാര്യമേഖലയ്ക്ക് മാത്രം പ്രാധാന്യമുള്ള സമ്പദ്‌വ്യവസ്ഥ
C) പൊതുമേഖലയ്ക്കും സ്വകാര്യമേഖലയ്ക്കും തുല്യ പങ്കാളിത്തമുള്ള സമ്പദ്‌വ്യവസ്ഥ
D) സ്വകാര്യമേഖല പങ്കാളിത്തത്തോടെയുള്ള ശക്തമായ പൊതുമേഖല സമ്പദ്‌വ്യവസ്ഥ

16. താഴെ തന്നിരിക്കുന്നവയിൽ ഇന്ത്യൻ പഞ്ചവത്സര പദ്ധതികളുടെ പൊതുവായ സവിശേഷതകൾ തിരഞ്ഞെടുക്കുക.

i. സാമ്പത്തിക വളർച്ച, സ്വയം പര്യാപ്തത

ii. സാമൂഹിക നീതി, ആധുനികവൽക്കരണം

iii. വ്യവസായ വൽക്കരണം, വാണിജ്യവൽക്കരണം

A) i, ii മാത്രം
B) i, iii മാത്രം
C) ii, iii മാത്രം
D) i, ii, iii (മുകളിൽ തന്നതെല്ലാം)

17. കേരളത്തിൽ നടപ്പിലാക്കിയ സ്ത്രീ കേന്ദ്രീകൃതമായ ഒരു സാമൂഹ്യാധിഷ്ഠിത ദാരിദ്ര നിർമ്മാർജ്ജന പദ്ധതിയായ ''പാവപ്പെട്ട സ്ത്രീകളുടെ ബാങ്ക്'' എന്ന് അറിയപ്പെടുന്നത് ഏത് ?

A) സ്ത്രീശക്തി
B) ജനശ്രീ
C) കുടുംബശ്രീ
D) മഹിള സമൃദ്ധി

18. 2016 നവംബർ 8-ന് ഇന്ത്യയിൽ നടപ്പിലാക്കിയ നോട്ടു നിരോധനത്തിന്റെ ലക്ഷ്യങ്ങൾ താഴെ പറയുന്നതിൽ ഏതെല്ലാം ?

i. കള്ളപ്പണം നിയന്ത്രിക്കുന്നതിന്

ii. അഴിമതിക്കെതിരെയുള്ള പോരാട്ടം

iii. തീവ്രവാദത്തെ ചെറുക്കുന്നതിന്

A) i, ii മാത്രം
B) i, iii മാത്രം
C) ii, iii മാത്രം
D) i, ii, iii (മുകളിൽ തന്നതെല്ലാം)

19. ഇന്ത്യൻ ഭരണഘടനാ ദിനം

A) നവംബർ 26
B) ഡിസംബർ 26
C) ജനുവരി 26
D) ഇവയൊന്നുമല്ല

20. i. കാര്യനിർവ്വഹണ വിഭാഗത്തെ നിയമ നിർമ്മാണ സഭ നിയന്ത്രിക്കുന്നു.

ii. രാഷ്ട്രത്തലവന്റെ അധികാരങ്ങൾ നാമമാത്രമായിരിക്കും.

iii. ഭരണത്തലവൻ പ്രധാന മന്ത്രിയായിരിക്കും.

iv. ഭരണത്തലവനും രാഷ്ട്രത്തലവനും രാഷ്ട്രപതിയായിരിക്കും.

ഇവയിൽ പാർലമെന്ററി വ്യവസ്ഥയിൽ പെടാത്തത് ഏത് ?

A) i ഉം ii ഉം
B) iii ഉം i ഉം
C) iv മാത്രം
D) i മാത്രം

21. മത സ്വാതന്ത്ര്യത്തിനുള്ള അവകാശം ഏത് അനുഛേദത്തിൽ ഉൾപ്പെടുന്നു ?

A) അനുഛേദം 19 – 22
B) അനുഛേദം 25 – 28
C) അനുഛേദം 23 – 24
D) അനുഛേദം 29 – 30

22. 1976-ൽ 42-ാം ഭരണഘടന ഭേദഗതിയുടെ ഭാഗമായി മൗലിക കർത്തവ്യങ്ങൾ ഉൾക്കൊള്ളുന്ന ഒരു പുതിയ ഭാഗം (IV) ഭരണഘടനയിൽ ഉൾപ്പെടുത്തി. ഇതുപ്രകാരം 51A അനുഛേദമായി എത്ര മൗലിക കർത്തവ്യങ്ങളാണ് ഇന്ത്യൻ ഭരണഘടനയിൽ ഉള്ളത് ?

A) 11 B) 13 C) 12 D) 18

23. ഇന്ത്യയിലെ തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഘടന

A) മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണറും മറ്റ് നാല് കമ്മീഷണർമാരും അടങ്ങുന്നതാണ്
B) മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണറും മറ്റ് മൂന്ന് കമ്മീഷണർമാരും അടങ്ങുന്നതാണ്
C) മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണറും മറ്റ് രണ്ട് കമ്മീഷണർമാരും അടങ്ങുന്നതാണ്
D) മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണറും മറ്റ് അഞ്ച് കമ്മീഷണർമാരും അടങ്ങുന്നതാണ്

24. മിനി കോൺസ്റ്റിറ്റ്യൂഷൻ എന്നറിയപ്പെടുന്ന ഭരണഘടനാ ഭേദഗതി

A) 42-ാം ഭേദഗതി (1976) B) 44-ാം ഭേദഗതി (1978)
C) 61-ാം ഭേദഗതി (1989) D) ഇവയൊന്നുമല്ല

25. ഇന്ത്യൻ ഭരണഘടനയിൽ പൗരത്വത്തെക്കുറിച്ച് വിവരിക്കുന്ന ഭാഗം ഏതാണ് ?

A) ഭാഗം – 1 B) ഭാഗം – 2 C) ഭാഗം – 3 D) ഭാഗം – 4

26. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ ആശയങ്ങൾ ഇന്ത്യൻ ഭരണഘടനയിലേക്ക് കൂട്ടിചേർത്തത്

A) അമേരിക്ക B) ബ്രിട്ടൻ C) ജർമ്മനി D) ഫ്രാൻസ്

27. 2025 ഡിസംബറിൽ നടന്ന തദ്ദേശ തിരഞ്ഞെടുപ്പിൽ ഏറ്റവും പ്രായം കുറഞ്ഞ നഗരസഭ അധ്യക്ഷയായി തിരഞ്ഞെടുക്കപ്പെട്ടത്

A) ദിയ ബിനു പുളിക്കക്കണ്ടം B) നിഖിത ജോബി
C) സ്നേഹ പി. D) രേഷ്മ മറിയം

28. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ ചുമതല/ചുമതലകൾ തെരഞ്ഞെടുത്ത് എഴുതുക.

1. ലോകസഭ അംഗങ്ങളുടെ തെരഞ്ഞെടുപ്പ്
2. രാജ്യസഭ അംഗങ്ങളുടെ തിരഞ്ഞെടുപ്പ്
3. നിയമസഭാംഗങ്ങളുടെ തിരഞ്ഞെടുപ്പ്
4. പഞ്ചായത്ത്രാജ് സ്ഥാപനങ്ങളിലേക്ക് ഉള്ള അംഗങ്ങളുടെ തിരഞ്ഞെടുപ്പ്

A) 1 & 2 B) 1 & 3 C) 3 D) 4

29. മൗലിക ചുമതലകൾ ഭരണഘടനയിൽ കൂട്ടിച്ചേർത്ത ഭരണഘടന ഭേദഗതി

A) 44 B) 42 C) 50 D) 52

30. ഗവർണറുടെ പദവിയുമായി ബന്ധപ്പെട്ട താഴെ പറയുന്ന പ്രസ്താവനയിൽ തെറ്റായത് കണ്ടെത്തുക.

A) ഗവർണറുടെ ഔദ്യോഗിക വസതിയാണ് ലോക് ഭവൻ.

B) ഇന്ത്യൻ പ്രസിഡന്റ് ആണ് ഗവർണറെ നിയമിക്കുന്നത്.

C) ഇന്ത്യൻ പ്രധാനമന്ത്രിയാണ് ഗവർണറെ നിയമിക്കുന്നത്.

D) ഗവർണർ സംസ്ഥാന എക്സിക്യൂട്ടീവ് തലവനാണ്.

31. കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കുന്ന സ്നേഹപൂർവ്വം പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്

A) വൃദ്ധദമ്പതികൾക്ക് ധനസഹായം നൽകാൻ

B) വിധവകൾക്ക് ധനസഹായം നൽകാൻ

C) ശ്രവണ വൈകല്യം നേരിടുന്നവർക്ക് ധനസഹായം നൽകാൻ

D) മാതാവ്/പിതാവ് അല്ലെങ്കിൽ രണ്ടുപേരും നഷ്ടപ്പെട്ട വിദ്യാർത്ഥികൾക്ക് ധനസഹായം നൽകാൻ

32. താഴെ പറയുന്നവയിൽ ജീവിത ശൈലീ രോഗത്തിന് ഉദാഹരണമാണ്

i. ഡിമെൻഷ്യ
ii. ആക്രോമെഗാലി
iii. ഒബീസിറ്റി
iv. അഡിസൺസ് ഡിസീസ്

A) i & ii B) iii C) ii & iii D) iv

33. ഒരു നാഡീ കോശത്തിലൂടെ ആവേഗങ്ങൾ കടന്നു പോകാൻ സഹായിക്കുന്ന പ്രധാന മൂലകങ്ങൾ

i. സോഡിയം ii. മാംഗനീസ് iii. പൊട്ടാസിയം iv. മഗ്നീഷ്യം

A) i & ii B) ii & iii C) i & iii D) ii & iv

34. ശരിയായ വാരിയെല്ലുകൾ (True ribs) എന്നത്

i. 1 മുതൽ 7 വരെ ജോഡി വാരിയെല്ലുകൾ
ii. 8 മുതൽ 10 വരെ ജോഡി വാരിയെല്ലുകൾ
iii. 11 മുതൽ 12 വരെ ജോഡി വാരിയെല്ലുകൾ
iv. 10 മുതൽ 12 വരെ ജോഡി വാരിയെല്ലുകൾ

A) i B) ii C) iii D) iv

35. മനുഷ്യ നേത്രത്തിലെ പീതബിന്ദു എന്ന ഭാഗത്തെ സംബന്ധിച്ച് കൂടുതൽ ശരിയായത്

i. കോൺ കോശങ്ങൾ വളരെ കുറവാണ്.
ii. കോൺ കോശങ്ങൾ വളരെ കൂടുതലാണ്. റോഡ് കോശങ്ങൾ കാണപ്പെടുന്നില്ല/കുറവാണ്.
iii. റോഡ് കോശങ്ങൾ വളരെ കൂടുതലാണ്. കോൺ കോശങ്ങൾ കാണപ്പെടുന്നില്ല/കുറവാണ്.
iv. റോഡ് കോശങ്ങൾ വളരെ കൂടുതലാണ്.

A) i B) ii C) iii D) iv

36. ഭൂമിയുടെ ശ്വാസകോശം എന്നറിയപ്പെടുന്നത്

i. ഹിമാലയൻ പ്രദേശം
ii. ആൽപൈൻസ്
iii. കോണിഫെറസ് വനങ്ങൾ
iv. ആമസോണിയൻ മഴക്കാടുകൾ

A) i B) ii C) iii D) iv

37. സംസ്ഥാനത്തെ അരിവാൾ രോഗം ബാധിച്ച നോൺ ട്രൈബൽ വിഭാഗത്തിലെ രോഗികൾക്ക് നൽകിവരുന്ന ധന സഹായ പദ്ധതിയാണ്

i. സമാശ്വാസം പദ്ധതി – I
ii. സമാശ്വാസം പദ്ധതി – II
iii. സമാശ്വാസം പദ്ധതി – III
iv. സമാശ്വാസം പദ്ധതി – IV

A) ii B) i C) iv D) iii

38. 2025 ഫെബ്രുവരി 17-ന് വിക്ഷേപിച്ച INSAT-3DS ഉപഗ്രഹത്തിന്റെ പ്രധാന ഉപയോഗം എന്താണ് ?

A) സൈനിക കമ്മ്യൂണിക്കേഷൻ
B) നാവിഗേഷൻ
C) സൗരപര്യവേഷണം
D) കാലാവസ്ഥാ നിരീക്ഷണം

39. ലോറിയും ബൈക്കും കൂട്ടിയിടിച്ചാൽ ഏതിനാണ് കൂടുതൽ ത്വരണം ഉണ്ടാകുന്നത് ?

A) ലോറി
B) ബൈക്ക്
C) ഇരുവർക്കും തുല്യം
D) ആർക്കും ത്വരണം ഉണ്ടാകുന്നില്ല

40. മഴവില്ല് കാണുവാനായി സൂര്യന്റെ സ്ഥാനം എങ്ങനെ ആയിരിക്കണം ?

A) നിരീക്ഷകന്റെ മുൻപിൽ
B) നിരീക്ഷകന്റെ പിന്നിൽ
C) നിരീക്ഷകന്റെ മുകളിൽ
D) നിരീക്ഷകന്റെ താഴെ

41. വെള്ളം നിറച്ച ഒരു പാത്രത്തിൽ ഒരു കാപ്പിലറി ട്യൂബ് വയ്ക്കുമ്പോൾ ട്യൂബിലെ ജലനിരപ്പ് 4 cm വരെ ഉയരും, പകുതി വ്യാസമുള്ള ട്യൂബ് ആണ് ഉപയോഗിക്കുന്നതെങ്കിൽ വെള്ളം എത്ര cm ഉയരും ?

A) 8 cm B) 4 cm C) 2 cm D) 12 cm

42. ഡയമണ്ട്, ഗ്രാഫൈറ്റ് എന്നിവ കാർബൺ എന്ന മൂലകത്തിന്റെ

A) ഐസോമറുകളാണ്
B) ഐസോടോപ്പുകളാണ്
C) രൂപാന്തരങ്ങളാണ്
D) ഐസോബാറുകളാണ്

43. സ്റ്റാൻഡേർഡ് ഊഷ്മാവിലും മർദ്ദത്തിലും 67.2 ലിറ്റർ അമോണിയ വാതകത്തിൽ അടങ്ങിയിരിക്കുന്ന അമോണിയ തന്മാത്രകളുടെ എണ്ണം

A) 17
B) 67.2
C) $6.022 \times 10^{23}$
D) $18.066 \times 10^{23}$

44. സ്ഥിരോഷ്മാവിൽ ഒരു നിശ്ചിത മാസ്സ് വാതകത്തിന്റെ മർദ്ദവും വ്യാപ്തവും സൂചിപ്പിക്കുന്ന ഒരു പട്ടികയാണ് താഴെ കൊടുത്തിരിക്കുന്നത്.

| മർദ്ദം | വ്യാപ്തം |
|---|---|
| 2 ബാർ | 50 ലിറ്റർ |
| 1 ബാർ | 100 ലിറ്റർ |
| 5 ബാർ | 20 ലിറ്റർ |

ഈ പട്ടിക ഏതു വാതക നിയമത്തെ സൂചിപ്പിക്കുന്നു ?

A) ബോയിൽ നിയമം
B) ചാൾസ് നിയമം
C) അവഗാഡ്രോ നിയമം
D) ഗേ ലുസാക് നിയമം

45. അമ്ല മഴയുടെ pH

A) 6.5 നും 8.5 നും ഇടയിൽ
B) 12.5 നും 14 നും ഇടയിൽ
C) 7.35 നും 7.45 നും ഇടയിൽ
D) 4 നും 5 നും ഇടയിൽ

46. പ്രമുഖ നോവലിസ്റ്റും കാർട്ടൂണിസ്റ്റുമായ ഒ. വി. വിജയന്റെ കൃതികൾ താഴെക്കൊടുത്തവയിൽ ഏതെല്ലാമാണ് ?

1. പ്രവാചകന്റെ വഴി
2. ഗുരുസാഗരം
3. ഉഷ്ണമേഖല
4. ഓഹരി

A) 1, 4
B) 2, 4
C) 1, 2
D) 2, 3

47. മലയാളത്തിൽ ആദ്യമായി പിന്നണിഗാനം അവതരിപ്പിക്കപ്പെട്ട ചലച്ചിത്രം ഏതാണ് ?

A) നീലക്കുയിൽ
B) നിർമ്മല
C) ബാലൻ
D) ജ്ഞാനാംബിക

48. താഴെക്കൊടുത്തിരിക്കുന്ന ചലച്ചിത്ര നടന്മാരിൽ ദാദാസാഹേബ് ഫാൽക്കേ അവാർഡ് ലഭിച്ചവർ ആരെല്ലാം ?

1. മോഹൻലാൽ
2. പ്രേംനസീർ
3. കമലഹാസൻ
4. രജനീകാന്ത്

A) 1, 3
B) 2, 3
C) 1, 4
D) 2, 4

49. 2025-ൽ ഇന്ത്യൻ വനിതാ ഫുട്ബോൾ ടീമിൽ ഇടം നേടിയ മലയാളി താരം ഇവരിൽ ആരാണ് ?

A) പി. മാളവിക
B) ദീപ്തി
C) ആശാ ശോഭന
D) നിഖില

50. താഴെക്കൊടുത്തിരിക്കുന്നവയിൽ തനതു നാടക പ്രസ്ഥാനത്തിൽ ഉൾപ്പെടുന്ന നാടകങ്ങൾ ഏതെല്ലാമാണ് ?

1. കലി
2. ദൈവത്താർ
3. അവനവൻ കടമ്പ
4. കന്യക

A) 1, 4
B) 2, 4
C) 1, 2, 3
D) ഇതൊന്നുമല്ല

51. $4^x = 256$ ആയാൽ x ന്റെ വിലയെത്ര ?

A) 6 B) 5 C) 8 D) 4

52. 20 ആളുകൾ 30 ദിവസം കൊണ്ട് ചെയ്യുന്ന ഒരു ജോലി 25 ദിവസം കൊണ്ട് ചെയ്തു തീർക്കണമെങ്കിൽ ഇനി എത്ര ആളുകൾ കൂടി വേണം ?

A) 10 B) 4 C) 8 D) 9

53. ഒരു ഗ്രൂപ്പിലെ 20 പേരുടെ ശരാശരി വയസ്സ് 25 ആണ്. പുതുതായി 3 ആളുകൾ കൂടി ചേർന്നതോടെ ശരാശരിയിൽ 2 വർഷത്തിന്റെ വർദ്ധനയുണ്ടായി. പുതുതായി വന്ന 3 ആളുകളുടെ ആകെ വയസ്സെത്ര ?

A) 127 B) 125 C) 121 D) 131

54. താഴെ കൊടുത്തതിൽ ചെറിയ ഭിന്നസംഖ്യ ഏത് ?

A) $\frac{7}{9}$ B) $\frac{7}{15}$ C) $\frac{7}{12}$ D) $\frac{7}{8}$

55. 20 ന്റെ $16\frac{2}{3}\%$ =

A) $\frac{10}{3}$ B) $\frac{100}{3}$ C) $\frac{50}{3}$ D) $\frac{52}{3}$

56. $14 + 6 \div 2 \times 4 - 3 =$

A) 37 B) 17 C) 23 D) 4

57. സമാനബന്ധം കണ്ടെത്തി പൂരിപ്പിക്കുക.

563 : 7 : : 196 : ________

A) 10 B) 14 C) 13 D) 8

58. സമയം 3.15 ആകുമ്പോൾ മണിക്കൂർ സൂചിയ്ക്കും മിനിറ്റ് സൂചിയ്ക്കും ഇടയിലുള്ള കോണളവ് എത്ര ?

A) 0° B) 90° C) 4.5° D) 7.5°

59. ഒറ്റയാനെ കണ്ടെത്തുക.

A) 399 B) 625 C) 529 D) 324

60. DELHI യുടെ കോഡ് EFMIJ ആണെങ്കിൽ KOLLAM ത്തിന്റെ കോഡെന്ത് ?

A) JNMMBN B) LPMMBN

C) JNKKBM D) LNMMBM

61. What is the right ending of the sentence ?
If I had known you were here,
A) I would have meet you.
B) I would meet you.
C) I would have met you.
D) I would have been met you.

62. 'My uncle offered me a gift' can be rewritten without a change in meaning as
A) A gift was offered to me by my uncle
B) I am offered a gift by my uncle
C) A gift is offered to me by my uncle
D) A gift offered to me by my uncle

63. Which one of the following is incorrect ?
A) I have visited Singapore
B) I visited Singapore in 1996
C) I have staying Singapore for ten years
D) I have been staying in Singapore since 2010

64. Which one of the following definitions matches with the word 'Fuddy – Duddy' ?
A) A person who has old-fashioned ideas and habits
B) Cleverly amusing in tone
C) Someone who speaks frequently
D) Modern and up to the minute

65. The idiom 'Hit the nail on the head' means
A) To bring some variety in it
B) To do or say exactly the right
C) Miss an opportunity
D) Face a tough situation

66. Mr. Raju asked his brother, "who are your guests ?"
Rewrite into indirect speech.
A) Mr. Raju asked his brother that who were his guests.
B) Mr. Raju asked his brother who were his guests.
C) Mr. Raju asked his brother who his guests were.
D) Mr. Raju asked his brother that who his guests were.

67. One of the following words is misspelt. Identify the word.
A) squeamish
B) subaltern
C) honorific
D) nocturnel

68. Antonym of repudiate.
A) Reject
B) Accept
C) Request
D) Repugnant

69. What is the meaning of the foreign word 'sine die' ?
A) for an indefinite period
B) informal talk
C) wonderful event
D) bad intention

70. The furniture _________ brought from Italy.
A) were
B) are
C) was
D) have

71. ശീകരം എന്ന വാക്കിനു സമാനമായ പദം ഏത് ?

A) ഐശ്വര്യം B) തണുപ്പ് C) ജലകണം D) മഞ്ഞ്

72. അമ്പ് എന്ന വാക്കിന്റെ പര്യായം അല്ലാത്ത പദം ഏത് ?

A) വിശിഖം B) അജിരം C) ഇഷു D) ശരം

73. അണിയം എന്ന പദത്തിന്റെ വിപരീത പദം ഏത് ?

A) അമരം B) നിരണിയം C) ആയം D) അവേദ്യം

74. ശരിയായ പദങ്ങൾ കണ്ടെത്തുക.

1. കൂപമണ്ഡൂകം
2. ആജാനുബാഹു
3. കൃത്യനിഷ്ഠ
4. തപസ്വി

A) 2, 3, 4 ശരി 1 തെറ്റ് B) 1, 2, 4 ശരി 3 തെറ്റ്

C) 1, 2, 3 ശരി 4 തെറ്റ് D) 3, 4 തെറ്റ് 1, 2 ശരി

75. 'തപശ്ചര്യ' പിരിച്ചെഴുതുക.

A) തപം + ചര്യ B) തപ : + ചര്യ

C) തപ + ചര്യ D) തപസ് + ചര്യ

76. ശരിയായ വാക്യം ഏത് ?

A) ഓരോ വാക്യവും ശ്രദ്ധാപൂർവ്വം വായിച്ച് തെറ്റ് തിരുത്തണം.

B) കാലാവധി കഴിഞ്ഞാൽ ഉത്തര കടലാസ് വീണ്ടും പുന: പരിശോധിക്കയില്ല.

C) അപേക്ഷകൾ അവരവരുടെ സ്വന്തം കൈപ്പടയിൽ എഴുതി അയയ്ക്കണം.

D) അറിഞ്ഞുകൊണ്ട് തെറ്റു ചെയ്തിട്ട് പശ്ചാത്തപിക്കുന്നതിൽ കാര്യമില്ല.

77. Strike breaker എന്നതിനു സമാനമായ മലയാള പദം ഏത് ?

A) നേതാവ് B) കരിങ്കാലി C) സമരനായകൻ D) വക്താവ്

78. മൂസ്സത് എന്ന വാക്കിന്റെ സ്ത്രീലിംഗ രൂപം ഏത് ?

A) മനയമ്മ B) ഇല്ലടമ്മ C) കെട്ടിലമ്മ D) നങ്ങ

79. നന്ദികേടു കാണിക്കുക എന്ന അർത്ഥത്തിൽ പ്രയോഗിക്കുന്ന ശൈലി ഏത് ?

A) വായിൽ മണ്ണടിക്കുക B) ഉണ്ട ചോറ്റിൽ കല്ലിടുക

C) ഇലയിട്ടു ചവിട്ടുക D) ഊഴിയം നടത്തുക

80. ഇ + തരം ചേർത്തെഴുതിയാൽ കിട്ടുന്ന രൂപം ഏത് ?

A) ഇതരം B) ഈത്തരം C) ഇത്തരം D) ഈതരം

81. ഭാരതീയ ന്യായ സംഹിത (BNS) യിൽ എത്ര അധ്യായങ്ങൾ ഉണ്ട് ?

A) 18 B) 20 C) 22 D) 24

82. ഭാരതീയ ന്യായ സംഹിതയിൽ (BNS) ''സംഘടിത കുറ്റകൃത്യം'' എന്നതിനെ പ്രതിപാദിക്കുന്ന വകുപ്പ്

A) വകുപ്പ് 90
B) വകുപ്പ് 98
C) വകുപ്പ് 102
D) വകുപ്പ് 111

83. ഭാരതീയ ന്യായ സംഹിതയിൽ (BNS) ൽ ചെറിയ കുറ്റങ്ങൾക്ക് തടവ് ശിക്ഷക്ക് പകരം ഉൾപ്പെടുത്തിയിരിക്കുന്ന ശിക്ഷ

A) പിഴ
B) നഷ്ടപരിഹാരം
C) കമ്മ്യൂണിറ്റി സേവനം
D) ഇതൊന്നുമല്ല

84. ഭാരതീയ നാഗരിക് സുരക്ഷാ സംഹിത (BNSS) പ്രകാരം കോഗ്നൈസബിൾ ഓഫൻസ് (Cognizable offence) എന്നാൽ എന്താണ് ?

A) കോടതി ഉത്തരവ് ഇല്ലാതെ തന്നെ അറസ്റ്റ് ചെയ്യാവുന്ന കുറ്റം
B) കോടതി ഉത്തരവ് നിർബന്ധമായും അറസ്റ്റിന് മുമ്പ് വേണ്ട കുറ്റം
C) പിഴ മാത്രം ശിക്ഷയായുള്ള കുറ്റം
D) ജാമ്യമുള്ള കുറ്റം

85. ഭാരതീയ നാഗരിക് സുരക്ഷാ സംഹിത (BNSS) പ്രകാരം മുൻകൂർ ജാമ്യത്തിനുള്ള അപേക്ഷ ഏത് കോടതിയിലാണ് നല്കേണ്ടത് ?

A) മുൻസിഫ് കോടതി
B) മജിസ്ട്രേറ്റ് കോടതി
C) ചീഫ് ജൂഡിഷ്യൽ മജിസ്ട്രേറ്റ് കോടതി
D) സെഷൻസ് കോടതി

86. ഭാരതീയ നാഗരിക് സുരക്ഷാ സംഹിത (BNSS) 2(1) (h) പ്രകാരം പരാതി നല്കേണ്ടത് ആർക്കാണ് ?

A) മജിസ്ട്രേറ്റ്
B) പോലീസ്
C) കളക്ടർ
D) ജില്ലാ ജഡ്ജി

87. ഭാരതീയ സാക്ഷ്യ അധിനിയം, 2023 (BSA) എത്ര വകുപ്പുകൾ ഉണ്ട് ?

A) 290 B) 280 C) 198 D) 170

88. ഭാരതീയ സാക്ഷ്യ അധിനിയം (BSA) വകുപ്പ് 39 (S. 39) എന്തിനെയാണ് പ്രതിപാദിക്കുന്നത് ?

A) കുറ്റ സമ്മതം
B) മൊഴിയെടുക്കൽ
C) വിദഗ്ദരുടെ അഭിപ്രായങ്ങൾ
D) പ്രാഥമിക തെളിവുകൾ

89. മരണമൊഴിയെ കുറിച്ച് പ്രതിപാദിക്കുന്ന BSA (ഭാരതീയ സാക്ഷ്യ അധിനിയം) വകുപ്പ്

A) 26 (a)
B) 26 (g)
C) 28 (c)
D) 26 (f)

90. 2011-ലെ പോലീസ് ആക്ട് വകുപ്പ് 29 (S. 29) പ്രതിപാദിക്കുന്ന വിഷയം

A) കുറ്റാന്വേഷണ ചുമതല
B) കടമകളും ഉത്തരവാദിത്തങ്ങളും
C) വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതിനെ സംബന്ധിച്ച്
D) ഉദ്യോഗസ്ഥരുടെ പൊതു ജനങ്ങളോടുള്ള പെരുമാറ്റം

91. പോലീസ് പിടിച്ചെടുക്കുന്ന വസ്തുക്കളുടെ സൂക്ഷിപ്പും നിർമ്മാർജ്ജനവും പ്രതിപാദിക്കുന്ന 2011-ലെ പോലീസ് ആക്ട് വകുപ്പ്

A) വകുപ്പ് 55
B) വകുപ്പ് 60
C) വകുപ്പ് 61
D) വകുപ്പ് 65

92. കേരള പോലീസ് ആക്ട് 118 (a) പ്രകാരം പൊതുസ്ഥലത്ത് മദ്യപിച്ച് അക്രമങ്ങളോ പ്രശ്നങ്ങളോ ഉണ്ടാക്കുന്നവർക്ക് ലഭിക്കാവുന്ന ശിക്ഷ

A) 3 വർഷം തടവ് 10,000/- രൂപ പിഴ
B) 3 വർഷം തടവ് 20,000/- രൂപ പിഴ
C) 3 വർഷം തടവ് മാത്രം
D) 50,000/- രൂപ പിഴ

93. എൻ. ഡി. പി. എസ്. നിയമപ്രകാരം ആവർത്തിച്ചുള്ള കുറ്റവാളികൾക്ക് ബാധകമായത് ഏത് ?

A) വർധിത ശിക്ഷ
B) കർശന ശിക്ഷാനടപടികൾ
C) കൂടുതൽ ഗുരുതര ശിക്ഷ
D) മുകളിൽ പറഞ്ഞവയെല്ലാം

94. വിവരസാങ്കേതിക നിയമപ്രകാരം മറ്റൊരാളുടെ പാസ്‌വേഡ് ദുരുപയോഗം ചെയ്യുന്നത് എന്തായി കണക്കാക്കപ്പെടുന്നു ?

A) അപകീർത്തിപ്പെടുത്തൽ
B) ഐഡന്റിറ്റി തട്ടിപ്പ്
C) അതിക്രമപ്രവേശനം
D) പൊതുശല്യം

95. എൻ. ഡി. പി. എസ്. നിയമപ്രകാരം കുറ്റം ചെയ്യാനുള്ള ശ്രമം ശിക്ഷാർഹമാക്കുന്ന വകുപ്പ് ഏത് ?

A) വകുപ്പ് 25 B) വകുപ്പ് 27 C) വകുപ്പ് 28 D) വകുപ്പ് 37

96. വിവരസാങ്കേതിക നിയമപ്രകാരം കുട്ടികളുടെ ഓൺലൈൻ ലൈംഗിക ചൂഷണം തടയുന്നതിനുള്ള വകുപ്പ് ഏത് ?

A) വകുപ്പ് 66C B) വകുപ്പ് 66E

C) വകുപ്പ് 67A D) വകുപ്പ് 67B

97. പോക്സോ നിയമത്തിലെ വകുപ്പ് 16 പ്രകാരമുള്ള 'കുറ്റകൃത്യത്തിന് പ്രേരണ നൽകൽ' എന്നതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പ്രസ്താവനകളിൽ ഏതാണ് ശരി ?

A) ഒരു കുറ്റകൃത്യം നേരിട്ട് ചെയ്താൽ മാത്രമേ ഈ വകുപ്പ് ബാധകമാകൂ.

B) ഒരു കുറ്റകൃത്യം ചെയ്യാൻ പ്രേരിപ്പിക്കുകയോ, ഗൂഢാലോചന നടത്തുകയോ, ബോധപൂർവ്വം സഹായിക്കുകയോ ചെയ്യുന്നത് ഇതിൽ ഉൾപ്പെടുന്നു.

C) പ്രേരണ നൽകുന്ന വ്യക്തിക്ക് കുറ്റം ചെയ്ത വ്യക്തിയേക്കാൾ കുറഞ്ഞ ശിക്ഷ മാത്രമേ ലഭിക്കൂ.

D) കുറ്റകൃത്യം പൂർണ്ണമായി നടപ്പിലാക്കപ്പെട്ടാൽ മാത്രമേ പ്രേരണാ കുറ്റം നിലനിൽക്കൂ.

98. പോക്സോ നിയമപ്രകാരം കുട്ടിയുടെ രഹസ്യത്വം ലംഘിക്കുന്നതിൽ ഉൾപ്പെടുന്നത് ഏത് ?

A) കുട്ടിയുടെ പേര് പ്രസിദ്ധീകരിക്കൽ B) വിലാസം പ്രസിദ്ധീകരിക്കൽ

C) ഫോട്ടോ പ്രസിദ്ധീകരിക്കൽ D) മുകളിൽ പറഞ്ഞവയെല്ലാം

99. ''വിവരം'' എന്ന പദത്തിന്റെ നിർവചനത്തിൽ താഴെ പറയുന്നവയിൽ ഏവ ഉൾപ്പെടുന്നു ?

A) രേഖകൾ B) ഇ-മെയിലുകൾ

C) ഇലക്ട്രോണിക് രേഖകൾ D) മുകളിൽ പറഞ്ഞവയെല്ലാം

100. വിവരാവകാശ നിയമപ്രകാരം ''മൂന്നാം കക്ഷി വിവരം'' സംബന്ധിച്ച് ആവശ്യമായ നടപടി ഏത് ?

A) മൂന്നാം കക്ഷിയെ ആലോചിക്കുക

B) വിവരങ്ങൾ ഉടൻ വെളിപ്പെടുത്തുക

C) അപേക്ഷ തള്ളിക്കളയുക

D) കോടതിയുടെ അനുമതി തേടുക

## Space for Rough Work